# കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ

**നമ്പർ.കെ.എസ്.എച്ച്.ഇ.സി/സ്കോൾ.സ്കീം/2012-13 (പി.ജി 2016-17)-III    തീയതി.31/01/2017**

## വിജ്ഞാപനം

രണ്ടാം വർഷ ബിരുദാനന്തര ബിരുദ പഠനം (2012-13 ബിരുദ അഡ്മിഷൻ - 4th Renewal) - ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പുതുക്കൽ

2012-13 അക്കാദമിക വർഷം ഒന്നാം വർഷ ബിരുദ പഠനത്തിന് സ്കോളർഷിപ്പ് ലഭിച്ചവരും 2016-17 അക്കാദമിക വർഷം രണ്ടാം വർഷ ബിരുദാനന്തര ബിരുദ പഠനം നടത്തുന്നവരുമായ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പുതുക്കി ലഭിക്കാൻ ഇപ്പോൾ അപേക്ഷകൾ സമർപ്പിക്കാം.

**യോഗ്യത**

- ഒന്നാം വർഷം ബിരുദാനന്തര ബിരുദതലത്തിൽ (3rd Renewal) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പുതുക്കാൻ അപേക്ഷ സമർപ്പിച്ചവർ മാത്രം രണ്ടാം വർഷ ബിരുദാനന്തര ബിരുദതലത്തിന് അപേക്ഷിച്ചാൽ മതിയാകും.
- കഴിഞ്ഞ അക്കാദമിക വർഷം കേരളത്തിലെ ഏതെങ്കിലും ഗവൺമെന്റ്/ എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജിലോ, യൂണിവേഴ്സിറ്റി പഠന വിഭാഗത്തിലോ ആർട്സ്, ഹ്യുമാനിറ്റീസ്, സോഷ്യൽ സയൻസ്, സയൻസ്, കൊമേഴ്സ് സ്ട്രീമുകളിലൊന്നിൽ ഒന്നാം വർഷം ബിരുദാനന്തര ബിരുദപഠനം നടത്തിയവരും ഇപ്പോൾ തുടർ പഠനം നടത്തുന്നവരും മാത്രം അപേക്ഷിച്ചാൽ മതിയാകും. (പ്രൊഫഷണൽ കോഴ്സുകളിലും സ്വാശ്രയ കോഴ്സുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾ സ്കോളർഷിപ്പിന് അപേക്ഷിക്കേണ്ടതില്ല).

**അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട അനുബന്ധ രേഖകൾ**

1. പി.ജി കോഴ്സിന്റെ 1-ാം സെമസ്റ്റർ മാർക്ക് ലിസ്റ്റിന്റെ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. (ജനറൽ വിഭാഗത്തിന് 'ബി' ഗ്രേഡും/ഒ.ബി.സി, ബി.പി.എൽ, എസ്.സി/എസ്.ടി, ഫിസിക്കലി ചലഞ്ച്ഡ് വിഭാഗങ്ങൾക്ക് 'സി' ഗ്രേഡുമാണ് സ്കോളർഷിപ്പ് പുതുക്കി ലഭിക്കുന്നതിനുള്ള മാനദണ്ഡം).
2. സ്റ്റുഡന്റ്ഷിപ്പ് സർട്ടിഫിക്കറ്റ് - കോളേജിലെ വിദ്യാർത്ഥിയാണെന്നുള്ള പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രത്തിന്റെ (കൗൺസിൽ വെബ്സൈറ്റിൽ നൽകിയിട്ടുള്ള

മാതൃകയിൽ വിദ്യാർത്ഥി ഏതു കോഴ്സിനു പഠിക്കുന്നു എന്ന് രേഖപ്പെടുത്തിയത്) ഒറിജിനൽ.

3. പ്രസ്തുത വിദ്യാർത്ഥിയുടെ പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാം പേജിന്റെ പ്രിൻസിപ്പാൾ/ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. (വിദ്യാർത്ഥിയുടെ പേര്, ബാങ്കിന്റെ അക്കൗണ്ട് നമ്പർ, IFSC കോഡ്, വിലാസം എന്നിവ വ്യക്തമായിരിക്കണം.)

നിശ്ചിത മാതൃകയിലുള്ള അപേക്ഷ പൂരിപ്പിച്ച് **01-02-2017 മുതൽ 15-02-2017** വരെ പഠിയ്ക്കുന്ന കോളേജിലെ പ്രിൻസിപ്പാളിന് (സർവ്വകലാശാലാ ഡിപ്പാർട്ട്മെന്റുകളിൽ പഠിക്കുന്നവർ ബന്ധപ്പെട്ട മേധാവിയ്ക്ക്) സമർപ്പിക്കാവുന്നതാണ്. അപേക്ഷകൾ ബന്ധപ്പെട്ട പ്രിൻസിപ്പാൾ/മേധാവി പരിശോധിച്ച് അംഗീകരിച്ച് **25-02-2017** ന് മുമ്പായി കൗൺസിൽ ആഫീസിൽ എത്തിയ്ക്കേണ്ടതാണ്. അപേക്ഷയുടെ മാതൃക കൗൺസിൽ വെബ്സൈറ്റിൽ (www.kshec.kerala.gov.in) ലഭ്യമാണ്. **അപേക്ഷകൾ ഓഫ് ലൈനായി വേണം സമർപ്പിക്കേണ്ടത്.**

രണ്ടാം വർഷം പി.ജി. പഠനത്തിന് നൽകുന്ന സ്കോളർഷിപ്പ് തുക **60,000/-** രൂപയായിരിക്കും. 40% ത്തിനു മുകളിൽ ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് തുകയുടെ 25% അധികമായി നൽകുന്നു.

മറ്റേതെങ്കിലും സ്കോളർഷിപ്പുകളോ സ്റ്റൈപ്പന്റുകളോ കൈപ്പറ്റുന്ന വിദ്യാർത്ഥികൾ ഈ സ്കോളർഷിപ്പിന് അർഹരല്ല. (ഹിന്ദി സ്കോളർഷിപ്പ്, പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ലംപ്സംഗ്രാന്റ് എന്നിവ ഈ നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്).

അപേക്ഷയിൽ നൽകിയിരിക്കുന്ന വിവരങ്ങൾ ശരിയും പൂർണ്ണവും ആണെന്ന് അപേക്ഷകർ ഉറപ്പുവരുത്തേണ്ടതാണ്. അപേക്ഷകൾ ബന്ധപ്പെട്ട നോഡൽ ഓഫീസർ പരിശോധിക്കേണ്ടതും, പ്രിൻസിപ്പൽ/മേധാവി ശുപാർശയോടെ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള അപേക്ഷകൾ മറ്റൊരറിയിപ്പ് കൂടാതെ നിരസിക്കുന്നതായിരിക്കും.

Sd/-
**രജിസ്ട്രാർ**